# ലോകഭക്ഷ്യകാർഷികസംഘടനയുടെ ഉത്തരവാദമത്സ്യബന്ധന പെരുമാറ്റച്ചട്ടവും നമ്മുടെ മത്സ്യമേഖലയും – ഒരു വിശകലനം

സി. രാമചന്ദ്രൻ
കേന്ദ്രസമുദ്രമത്സ്യഗവേഷണ കേന്ദ്രം, കൊച്ചി

**ആമുഖം**

ഐക്യരാഷ്ട്രസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ലോകഭക്ഷ്യകാർഷിക സംഘടന 1995-ൽ പൂർത്തിയാക്കി നിലവിൽവരുത്തിയ ഒരു അന്താരാഷ്ട്രഉപകരണമാണ് "ഉത്തരവാദിത്വപരമത്സ്യബന്ധന പെരുമാറ്റച്ചട്ടം (FAO Code of Conduct for Responsible Fisheries). ഇന്ത്യയുൾപ്പെടെ 160-ൽപ്പരം ലോകരാഷ്ട്രങ്ങൾ അംഗീകരിച്ചിട്ടുള്ള ഈ പെരുമാറ്റച്ചട്ടം 'സ്വമേധയാ' നടപ്പിലാക്കാനുള്ളതാണ് എന്നത് ഇതിന്റെ ഒരു പ്രധാന സവിശേഷതയാണ്.

'ഫിഷറീസ്" എന്ന വിശാലാർത്ഥപദത്തിന് പകരമായി 'മത്സ്യബന്ധനം' ഉപയോഗിക്കുന്നത് ഒരു അപത്യാപ്ത പ്രയോഗമാണെന്ന് നാം മനസ്സിലാക്കണം. കടലിലും, ഉൾനാടൻ ജലാശയത്തിലും നടക്കുന്ന മത്സ്യബന്ധനം, മത്സ്യസംസ്കരണപ്രക്രിയകളും വാണിജ്യവും, മത്സ്യ കോഷി, മത്സ്യഗവേഷണം എന്നിങ്ങനെയുള്ള എല്ലാ മേഖലകളും ഉൾക്കൊള്ളുന്ന ഒന്ന് എന്ന വിശാലമായ അർത്ഥമാണ് ഇവിടെ പ്രയുക്തം. (ചട്ടത്തിന്റെ മലയാള ത്തിലുള്ള പൂർണ്ണരൂപം FAO യുടെ അനുവാദത്തോടെ കേന്ദ്രസമുദ്രമത്സ്യഗവേഷണസ്ഥാപനം (CMFRI) 2002-ൽ പുറത്തിറക്കിയതിന്റെ കോപ്പികൾക്ക് ഇങഎഞകെ ഡയ റക്ടറുമായി ബന്ധപ്പെടുകയോ ഇങഎഞക യുടെ വെബ് സൈറ്റ് (www.cmfri.org.in) സന്ദർശിക്കുകയോ ചെയ്യുക)

നമ്മുടെ സമുദ്രമത്സ്യമേഖലയുടെ അവസ്ഥ ഈ ചട്ട ത്തിന്റെ പരിപ്രേക്ഷ്യത്തിലൂടെ വീക്ഷിക്കുകയും സുസ്ഥിര വികസനപാതയിലേക്ക് നയിക്കുന്ന നയസമീപനങ്ങൾക്ക് വഴിതുറക്കുവാൻ ഇതിലെ മാർഗനിർദ്ദേശങ്ങൾഎങ്ങനെ പ്രയോജനപ്പെടുത്താം എന്ന് ഓർമ്മിപ്പിക്കുകയാണ് ഇവിടെ ഞാൻ ഉദ്ദേശിക്കുന്നത്.

**പെരുമാറ്റച്ചട്ടം എന്ത്? എന്തിന്?**

ഉത്തരവാദിത്വപരമത്സ്യബന്ധനം (Responsible fisheries) എന്ന് കേൾക്കുമ്പോൾ "നിരുത്തരവാദപരമായി കൈകാര്യം ചെയ്യപ്പെടുന്ന ഒന്നാണോ നമ്മുടെ സമു ദ്രമത്സ്യ സമ്പത്ത്? എന്ന ചോദ്യമാകാം നമ്മുടെ മന സ്സിൽ ആദ്യം വരിക. യഥാർത്ഥത്തിൽ, ഉത്തരവാദിത്വപര മത്സ്യബന്ധനം എന്ന ആശയത്തിലേക്കുള്ള ആദ്യചവിട്ടു പടിയും അതുതന്നെയാണ്.

സാമാന്യവ്യവഹാരത്തിൽ "ഉത്തരവാദിത്വം" അവകാശവുമായി/ഉടമസ്ഥാവകാശവുമായി ബന്ധ പ്പെടുത്തിയാണ് വായിക്കപ്പെടുന്നത്. കരയിലെ വ്യാവ ഹാരിക യുക്തിയിൽനിന്ന് വ്യത്യസ്തമായി, വ്യക്തി ഗത സ്വത്തകവാശത്തിന്റെ പരിധിയിൽ പെടുത്തുവാൻ ബുദ്ധിമുട്ടുകൾ ഉള്ള ഒരു പ്രകൃതിവിഭവമായ സമുദ്രമത്സ്യ സമ്പത്ത് ഒരു പൊതുവിഭവമായാണ് എണ്ണപ്പെടുന്നത്. നിയമദൃഷ്ട്യാ അതിന്റെ ആത്യന്തിക ഉടമസ്ഥത ഭരകൂട ത്തിലാണ് നിക്ഷിപ്തമായിരിക്കുന്നത്. എന്നാൽ നമുക്ക റിയാം പ്രയോഗദൃഷ്ട്യാ ആ അവകാശം പൗരന്റെ (ചുരു ങ്ങിയ അർത്ഥത്തിൽ മീൻപിടുത്തക്കാരന്റെ /മീനാളന്റെ) ചുമലിലാണ്. ഈ ആശയക്കുഴപ്പം ചട്ടം ദൂരീകരിക്കുന്നത് ശ്രദ്ധിക്കുക. ചട്ടത്തിന്റെ അടിസ്ഥാനതത്വം 6.1-ൽ വിശ ദമാക്കുന്നു. "സജൈവജലപ്രകൃതിവിഭവങ്ങൾ ഉപയോ ഗിക്കുന്ന ഭരണകൂടങ്ങളും ഉപഭോക്താക്കളും അവയുടെ സംരക്ഷണം ഉറപ്പു വരുത്തുവാൻ ബാദ്ധ്യസ്ഥരാണ്. മത്സ്യം പിടിക്കാനുള്ള അവകാശം, മത്സ്യസമ്പത്തിന്റെ സംരക്ഷണവും പരിപാലനവും ഉറപ്പുവരുത്തുന്ന വിധ ത്തിൽ ഉത്തരവാദിത്വത്തോടെ നിർവഹിക്കാനുള്ള കടമ കൂടി ഉൾക്കൊള്ളുന്നു."

തത്വത്തിൽ എല്ലാവരുടെതുമായ ഒന്ന് പ്രയോഗത്തിൽ ആരുടേതും അല്ലാത്തതായി മാറുന്ന പ്രഹേളിക സമുദ്ര മത്സ്യസമ്പത്തിന്റെ ശാസ്ത്രീയമായ ഉപയോഗത്തിലെ ഒരു പ്രധാന വെല്ലുവിളിയാണ്. ഉടമസ്ഥത എന്നത് ഉത്തര വാദിത്വപരമായ വിനിയോഗം ഉറപ്പുവരുത്തും എന്ന വാദം അപ്രായോഗികമായതിനാലാണ് മേൽചൊന്ന അടിസ്ഥാ നതത്വം ചട്ടം അടിവരയിട്ട് പ്രസ്താവിക്കുന്നത്.

അതുകൊണ്ടുതന്നെയാണ്, 12 വകുപ്പുകൾക്കു കീഴിൽ ഈ ചട്ടത്തിൽ അവതരിപ്പിച്ചിരിക്കുന്ന 230-ൽപ്പരം നിർ ദ്ദേശങ്ങളിൽ ബഹുഭൂരിപക്ഷവും ഭരണകൂടങ്ങളുടെ/ സർക്കാരുകളുടെ ഉത്തരവാദിത്വത്തെ ഉന്നം വെച്ചിരിക്കു ന്നത്, ഈ പ്രധാന സംഗതി മനസ്സിലാകുന്നത്, 'ചട്ടം നടപ്പിലാക്കുക' എന്നാൽ എന്താണ് അർത്ഥമാകുന്നത് എന്ന സ്വാഭാവിക സന്ദേഹത്തിന് മറുപടിയാകും.

'സ്വമേധയാ നടപ്പിലാക്കേണ്ട' മാർഗനിർദ്ദേശങ്ങൾ എന്നു പറയുമ്പോൾ അടുത്ത സംശയം "കുരയ്ക്കും പക്ഷേ കടിക്കില്ല" എന്ന അവസ്ഥയാണോ എന്നാകും. ചട്ടത്തിന്റെ മറ്റൊരു അടിസ്ഥാനതത്വമായ 'മുൻകരുതൽ സമീപനം' ഇതിന് മറുപടി നല്കുന്നു.

"'സുവ്യക്തമായ ശാസ്ത്രീയവിവരങ്ങളുടെ അഭാവം സംരക്ഷണ പരിപാലന നടപടികൾ കൈക്കൊള്ളാ തിരിക്കുവാനോ നീട്ടിവെയ്ക്കുന്നതിനോ ഒരു ഉപാധി യായി എടുക്കുവാൻ പാടില്ല" (7.5.1)

"പ്രക്ഷാളനാധി പങ്കസ്യ ദുരാദസ്പർശനം വരം" എന്നതുമാത്രമല്ല മുൻകരുതൽ സമീപനം എന്നർത്ഥം പൊതുവിഭവമായ സമുദ്രമത്സ്യസമ്പത്തിന്റെ സാമ്പത്തിക വികസനോന്മുഖമായ ഉപയോഗമാണ് ഭരണകൂടം ലക്ഷ്യ മിടേണ്ടത്. ഉപജീവനത്തിനായി ഈ പൊതുവിഭവത്തെ ആശ്രയിക്കുന്ന പൗരന് ഭരണകൂടം ലൈസൻസ് നൽകു മ്പോൾ അവകാശകൈമാറ്റത്തോടൊപ്പം സുസ്ഥിരവിഭവ വിനിയോഗം ഉറപ്പാക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഒരു ഭാഗം കൂടിയാണ് കൈമാറ്റം ചെയ്യപ്പെടുന്നത്.വ്യക്തിഗത മായ ഉപജീവനലക്ഷ്യം പരമാവധി ലാഭം കൈക്കലാക്കുക എന്നാകുമ്പോൾ അത്തരം വ്യക്തികളുടെ സംഘാത പൂർണ്ണമായ പ്രവർത്തനത്തിൽ നിയന്ത്രണരാഹിത്യം വന്നാൽ സുസ്ഥിരമായ വിഭവവിനിയോഗം അസാദ്ധ്യമാ കും. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ഇന്നത്തേതുപോലെ സാങ്കേതികവിദ്യാപരമായും

വാണിജ്യസമ്പ്രദായപരമായും വികസിക്കാതിരുന്ന ഒരു കാലത്ത് "മീനാളരുടെ" (മത്സ്യത്തൊഴിലാളി എന്ന സാധാരണ ഉപയോഗിക്കപ്പെടുന്ന പദത്തെക്കാൾ എനിക്കിഷ്ടം ഈ സംജ്ഞയാണ്) സാമ്പ്രദായിക/പരമ്പരാഗത രീതികളിൽ (സ്വയം) നിയന്ത്രണങ്ങളുടെ നാട്ടുനടപ്പുകൾ ഉൾക്കൊണ്ടിരുന്നു. അതിസാഹസികതയും പ്രത്യേക വൈദഗ്ദ്ധ്യവും ആവശ്യപ്പെടുന്ന ഒരു തൊഴിലായതിനാൽ ചെറിയ ഒരു ജനവിഭാഗത്തിന് മാത്രം പ്രാവ്യമായ ഒന്നായി കടൽ മാറിയിരുന്നു. ഈ രണ്ടുതരം നിയന്ത്രണങ്ങൾ ഇന്ന് ഏറെക്കുറെ ദുർബ്ബലമായിരിക്കുന്നു. വ്യക്തിഗതവും പരമ്പരാഗതവുമായ "നിപുണത", സാങ്കേതികവിദ്യയ്ക്കു മുന്നിൽ വഴിമാറുന്ന, ആധുനികമെന്ന് നമ്മൾ വിളിക്കുന്ന ഈ കാലഘട്ടത്തിൽ വിഭവവിനിയോഗ നിയന്ത്രണങ്ങൾ നടപ്പിലാക്കേണ്ടത് ഭരണനിർവ്വഹണത്തിന്റെ കാതലായി മാറുന്നു. പക്ഷേ, ഇത്തരം നിയന്ത്രണങ്ങൾ അതാത് ദേശകാലസാഹചര്യങ്ങൾക്കനുസൃതമായി മാത്രം നിർമിക്കപ്പെടേണ്ടതായതിനാൽ ഒരു അന്താരാഷ്ട്രമാനദണ്ഡമെന്ന നിലയിൽ അവ നടപ്പിലാക്കാൻ നിഷ്കർഷിക്കുക പ്രായോഗികമല്ല. അതുകൊണ്ടാണ്, ചട്ടത്തിലെ മാർഗനിർദ്ദേശങ്ങൾ അടിസ്ഥാനമാക്കി ഭരണകൂടങ്ങൾക്ക് സ്വന്തം നിയന്ത്രണനിയമങ്ങൾ രൂപീകരിക്കുവാനോ പുതുക്കുവാനോ ഉള്ള സ്വാതന്ത്ര്യം നിലനിർത്തപ്പെട്ടിരിക്കുന്നത്. (ഇതിനെതിരെയുള്ള അഭിപ്രായങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അത് പ്രായോഗികം ആണെന്നു തോന്നുന്നില്ല. EEZ ന് പുറത്തുള്ള ആഴക്കടൽമത്സ്യബന്ധനത്തിന്റെ കാര്യത്തിൽ നടക്കുന്ന "കള്ളമീൻപിടുത്തം" തടയുവാൻ ഇത് ആവശ്യമാണ് എന്നത് വിസ്മരിക്കുന്നില്ല.

**ചട്ടത്തിന്റെ ചരിത്രപരമായ പശ്ചാത്തലം**

തട്ടത്തിലെ മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ സാഹചര്യങ്ങൾ പരിശോധിക്കുന്നതിനു മുൻപ് ചട്ടം രൂപപ്പെട്ട ആഗോളപശ്ചാത്തലം അറിയേണ്ടതുണ്ട്.

1991 മുതൽ നാലുവർഷക്കാലം നീണ്ടുനിന്ന അന്താരാഷ്ട്ര ചർച്ചകൾക്കുശേഷം 1995 ഒക്ടോബർ 31 നാണ് ചട്ടം നിലവിൽ വന്നത്. 'ഉത്തരവാദിത്വപരമത്സ്യബന്ധനം' എന്ന ആശയം ഉയർന്നുവരുവാനുള്ള പ്രധാനകാരണം വികസിത, പ്രത്യേകിച്ചും ശീതമേഖലാരാഷ്ട്രങ്ങളിൽ ഇതിനകം സംഭവിച്ച സമുദ്രവിഭവത്തകർച്ചയാണ്. കനേഡിയൻ കോഡ് എന്ന മത്സ്യസഞ്ചയത്തിന്റെ 1992-ൽ ഉണ്ടായ തകർച്ച വലിയ ഒരു തിരിച്ചറിവാണ് നൽകിയത്. 'ഫിഷറീസ് എന്നാൽ 5% പ്രോട്ടീനും 95% പൊളിറ്റിക്സും' എന്നാണ് അർത്ഥമാക്കേണ്ടതെന്ന് പ്രസിദ്ധമായ 'സയൻസ്' മാസിക എഡിറ്റോറിയൽ എഴുതി. സമുദ്ര മത്സ്യശാസ്ത്രത്തിന്റെയും ഭരണകൂടം നടപ്പിലാക്കുന്ന നിയന്ത്രണ ഇടപെടലുകളുടെയും പരിമിതികൾ മനസ്സിലാക്കി മീനാളരുടെ പരിപൂർണ്ണ സഹകരണത്തോടെ, അവരുടെകൂടെ അറിവുകളിൽ നിന്ന് ഊർജ്ജം ആർജിച്ചും പരിപോഷിപ്പിച്ചും സൃഷ്ടിക്കുന്ന സമവായങ്ങളിലൂടെ വേണം സുസ്ഥിരത ലക്ഷ്യമാക്കിയുള്ള സമുദ്രമത്സ്യ ബന്ധനനയങ്ങളും കർമ്മപരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് എന്ന തിരിച്ചറിവാണ് ഉത്തരവാദിത്വമത്സ്യബന്ധനം എന്ന ആശയത്തിന്റെ കാതൽ. 1950 കളിൽ 20 മില്യൺ ടണ്ണായിരുന്ന ലോക സമുദ്രഉല്പാദനം (Landing) 1996-ൽ പരമാവധിയായ 86.4 മില്യൺ ടണ്ണിലെത്തിയതിനുശേഷം താഴേക്ക് പോകാൻ ആരംഭിച്ച് 2012-ൽ 79.7 മില്യൺ ടണ്ണായി മാറിയിരിക്കുന്ന കാര്യവും ഇവിടെ സ്മരിക്കാം.

**ചട്ടം നൽകുന്ന പാഠങ്ങൾ**

പെരുമാറ്റ ചട്ടം എന്ന അന്താരാഷ്ട്ര ഉപകരണം നമുക്കു നൽകുന്ന പാഠങ്ങൾ എന്തെന്നറിയാൻ, ആദ്യം നമുക്കുള്ള നയഉപകരണവുമായി അതിനെ താരതമ്യം ചെയ്തുനോക്കാം. ചട്ടം നിലവിൽ വരുന്നതിന് 15 വർഷം മുൻപാണ് നാം കേരളസമുദ്രമത്സ്യബന്ധന നിയന്ത്രണ ആക്ട് നിർമ്മിച്ചത്. താരതമ്യത്തിനായി നമുക്ക് അമേരിക്കയുടെ പ്രശസ്തമായ മാഗ്നൂസൺ സ്റ്റിവൻസൺ ഫിഷറീസ് കൺസെർവേഷൻ ആൻഡ് മാനേജ്മെന്റ് ആക്ട് (1976, പരിഷ്കാരം 2007) കൂടി ഉപയോഗിക്കാം. ആഴത്തിലുള്ള അപഗ്രഥനം സാധ്യമല്ലാത്തതിനാൽ ചില 'താക്കോൽവാക്കുകൾ' ഉപയോഗിച്ച് നടത്തുന്ന ഉള്ളടക്ക പഠനമാണ് നടത്തുന്നത്. താക്കോൽവാക്കുകളുടെ ആവൃത്തി, ആ ആശയങ്ങൾക്ക് നൽകപ്പെട്ട പ്രാധാന്യത്തെ സൂചിപ്പിക്കുന്നതായി കണക്കാക്കാം.

**പട്ടിക1.താക്കോൽവാക്ക് താരതമ്യപഠനം**

| താക്കോൽ വാക്ക് | FAO ചട്ടം (1995) | KMFACT (1980) | MSACT USA (2007) |
|---|---|---|---|
| സുസ്ഥിരത | 5 | 0 | 8 |
| അമിതമത്സ്യബന്ധനം | 0 | 0 | 45 |
| വിഭവസംരക്ഷണം | 70 | 1 | >200 |
| മാനേജ്മെന്റ് | 10 | 0 | >200 |
| ഭക്ഷ്യസുരക്ഷ | 4 | 0 | 0 |
| ലിംഗപദവി | 0 | 0 | 0 |
| നിയന്ത്രണം | 19 | 37 | 152 |
| ഗവേഷണം | 46 | 0 | 64 |
| ശിക്ഷാവിധികൾ | 0 | 0 | 22 |
| കണ്ണിവലിപ്പം | 1 | 2 | 0 |
| അമിതശക്തി | 0 | 0 | 0 |
| MSY | 1 | 0 | 5 |
| മീനാളൻ (Fisherman) | 15 | 0 | 43 |
| നീതി | 0 | 0 | 6 |
| ഡിസ്കാർഡ് | 9 | 0 | 18 |
| ബൈകാച്ച് | 1 | 0 | 68 |
| പങ്കാളിത്തം | 4 | 0 | 32 |
| ഫിഷറീസ് വികസനം | 0 | 0 | 1 |
| ദാരിദ്ര്യം | 1 | 0 | 2 |
| സംഘർഷങ്ങൾ | 3 | 0 | 3 |
| അവകാശങ്ങൾ | 33 | 0 | 0 |
| സുരക്ഷിതത്വം | 11 | 0 | 26 |
| ആവാസവ്യവസ്ഥ | 27 | 0 | 13 |
| പെരുമാറ്റച്ചട്ടം | NA | 0 | 0 |

വിഭവസംരക്ഷത്തിന് ചട്ടവും അമേരിക്കയുടെ ആക്ടും കൊടുക്കുന്ന പ്രാധാന്യം, സമുദ്രമത്സ്യ വിഭവത്തിന്റെ ചൂഷണം ഏത് നിലയിലാണ് നടക്കുന്നതെന്നതിന്റെ സൂചനയാണ് നമ്മുടെ ആക്ടിൽ ഈ വാക്ക് ഒരു പ്രാവശ്യം മാത്രമാണുപയോഗിച്ചിരിക്കുന്നത്. പരമാവധി സുസ്ഥിര ഉല്പാദനം (MSY) എന്ന സമുദ്രമത്സ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന സിദ്ധാന്തത്തിനും, തദ്വാരാ

ഗവേഷണത്തിനു അമേരിക്കൻ ആക്ടും, പിന്നിലായി ചട്ടവും പ്രാധാന്യം നൽകുന്നു. (ചട്ടത്തിന്റെ 7.2 ലാണ് ഈ പരാമർശം) നിയന്ത്രണങ്ങൾക്ക് മൂന്നുപകരണങ്ങളും പ്രാധാന്യം നല്കുന്നു. ശിക്ഷാവിധികൾ (Penalty) പക്ഷേ ചട്ടം, സ്വാഭാവികമായും, പരാമർശിക്കുന്നില്ല. 24 താക്കോൽവാക്കുകൾ പരിഗണിച്ചതിൽ 3 വാക്കുകൾമാത്രമാണ് നമ്മുടെ ആക്ടിൽ ഉള്ളത്. താക്കോൽ വാക്കുകളുടെ അഭാവത്തിലെ ബാഹുല്യം കാണിക്കുന്നത് നമ്മുടെ ആക്ട് കാലികമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയാണ്.

അമേരിക്കയുടെ ആക്ടിൽ ഒരിടത്തുപോലും എഅഃര യുടെ പെരുമാറ്റച്ചട്ടത്തെപ്പറ്റി പരാമർശിക്കുന്നതേയില്ല. എന്നാൽ ചട്ടം അനുവർത്തിക്കപ്പെടുന്നതിന്റെ തീവ്രതയെപ്പറ്റിയുള്ള ഒരു അന്താരാഷ്ട്രപഠനത്തിൽ അമേരിക്കയ്ക്ക് ലഭിച്ചത് രണ്ടാം സ്ഥാനമാണ്. 53 രാജ്യങ്ങളിലായി നടത്തിയ പഠനത്തിൽ ഇൻഡ്യക്ക് സ്ഥാനം 27 (പിച്ചർ 2009. നേച്ചർ) സമുദ്രമത്സ്യബന്ധനവുമായി ബന്ധപ്പെട്ട 4 പരിപാലന നിയന്ത്രണനടപടികൾ എടുക്കുന്നതിൽ, (പ്രശ്നാധിഷ്ഠിതമായി) ഭരണകൂടങ്ങൾ കാണിക്കുന്ന ശുഷ്കാന്തിയും സമുദ്രമത്സ്യമേഖലയ്ക്ക് രാഷ്ട്രവികസന മുൻഗണനാക്രമത്തിൽ നൽകപ്പെടുന്ന സാമ്പത്തിക, സാമൂഹിക പ്രാധാന്യവുമാണിതിൽ നിന്ന് മനസ്സിലാക്കേണ്ടത്. (പുസ്തകപഠനത്തിൽ കാണിക്കുന്ന ആദ്യത്തെ 10 രാജ്യങ്ങൾ എല്ലാം ശൈത്യമേഖലയിൽ വരുന്ന വികസിത രാഷ്ട്രങ്ങൾ ആണ് എന്നതും നാം ശ്രദ്ധിക്കണം. ഈ രാജ്യങ്ങളെല്ലാം സമുദ്രമത്സ്യവിഭവലഭ്യതയുടെ കാര്യത്തിൽ അമിതമത്സ്യചൂഷണം ഉൾപ്പെടെയുള്ള വിവിധ പ്രശ്നങ്ങൾ ഇതിനകംതന്നെ നേരിടുന്നവയാകയാൽ, വിഭവപരിപാലനത്തിലും നിയന്ത്രണത്തിലും ഊന്നിയുള്ള പരിപാലനനയങ്ങൾ നടപ്പാക്കുന്നതിൽ അവർ മുൻപന്തിയിലായതിൽ അത്ഭുതമില്ല. അങ്ങനെയെങ്കിൽ, പ്രശ്നാധിഷ്ഠിതമായ പരിഹാരങ്ങൾക്ക് ആ രാജ്യങ്ങൾ നൽകുന്ന തരത്തിലുള്ള നയപരമായ പ്രാധാന്യം നമ്മൾ നൽകേണ്ടതുണ്ടോ എന്ന ചോദ്യം ഒരു വെല്ലുവിളിയായി, ഉയരുന്നു.

ഇവിടെയാണ് സമുദ്രമത്സ്യവിഭവങ്ങളുടെ ജൈവശാസ്ത്രപരമായ അവസ്ഥയെപ്പറ്റിയുള്ള ശാസ്ത്രീയ ഗവേഷമങ്ങളും നിഗമനങ്ങളും പ്രസക്തമാകുന്നത്. ഇതല്പം വിശദീകരണം അർഹിക്കുന്നു.

ലോകത്തെവിടെയുമുള്ള സമുദ്രമത്സ്യപരിപാലനത്തിന്റെ (Fisheries management) അടിസ്ഥാനശിലകൾ രണ്ടേരണ്ടു ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും ആണ്.

'എത്ര പിടിച്ചെടുക്കാം?

"എത്രയുണ്ട്?"

ലളിതമായ ചോദ്യങ്ങൾ. പക്ഷേ ഉത്തരം അതിദുഷ്കരമായ ഒന്നാണ് എന്ന തിരിച്ചറിവിൽ നിന്നാണ് മുൻകരുതൽ സമീപനമെന്ന ആശയത്തിലേക്ക് ലോകരാഷ്ട്രങ്ങളെ എത്തിച്ചത്. (ചിത്രം 1)

തിരികെ കൊണ്ടുവരുവാൻ ആകാത്തവിധത്തിലുള്ള ആതുരാവസ്ഥയിലേക്ക് കാര്യങ്ങൾ പോകുന്നുവെങ്കിൽ സമുദ്രമത്സ്യശാസ്ത്രത്തിന്റെ തീർപ്പുള്ള നടപടികൾക്കുമാത്രം കാത്തിരിക്കാതെ വേണ്ട മുൻകരുതലുകൾ സ്വയം കൈക്കൊള്ളുന്നതാണ് അഭികാമ്യം എന്ന ഈ സമീപനത്തിലെ ബൗദ്ധികമായ ഭവ്യത നമ്മൾ കാണാതെ പോകരുത്. കടലെന്ന അതിസങ്കീർണ്ണതയുടെ സ്വയം പുനരുജ്ജീവനശക്തിക്കു മുന്നിൽ ശിരസ്സ് നമിക്കുന്ന സാമാന്യബുദ്ധിയും, ആഴത്തിലുള്ള പാരിസ്ഥിതികാവബോധവുമാണത്.

സമുദ്രമത്സ്യവിഭവങ്ങളുടെ ഉപഭോഗകേന്ദ്രിതമായ ആതുരാവസ്ഥയെ അമിതമത്സ്യബന്ധനം (Overnfishing) എന്നു വിളിക്കുന്നു. ഒരു മത്സ്യസഞ്ചയത്തിന്റെ (Stock) പരമാവധി സുസ്ഥിര വിളവ് (MSY) നൽകാനുള്ള കഴിവിനെ അതിലംഘിച്ച്, സാമ്പത്തികവും ജൈവികവുമായ നഷ്ടമുണ്ടാക്കുന്ന തരത്തിൽ മത്സ്യബന്ധനം രൂക്ഷമാകുന്ന പ്ര(വി)ക്രിയയാണിത്. അളവുകൾ വഴി കൃത്യമായി തിട്ടപ്പെടുത്തുവാൻ രീതിശാസ്ത്രപരമായി അനവധി കടമ്പകൾ ഉള്ള ഒന്നാണിത്. വിഭവപരിമാണ നിർണയത്തെ (Stock assessment) അടിസ്ഥാനമാക്കിയുള്ള സമുദ്രമത്സ്യശാസ്ത്രത്തിന്റെ (ഓർക്കുക, ശാസ്ത്രകാരന്റെയല്ല) ലോകമൊട്ടാകെ അംഗീകരിച്ചിട്ടുള്ള ഒരു ബലഹീനതയാണിത് എങ്കിലും മത്സ്യപരിപാലനനയങ്ങളുടെ പിന്നിലെ, മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ലാത്ത ഒരു പ്രധാനയുക്തി ആയി ഇത് ഇപ്പോഴും പരിഗണിക്കപ്പെടുന്നു. ചുറുക്കിപ്പറഞ്ഞാൽ MSY എന്നത് ഒരു ലക്ഷ്മണരേഖയാണ്. അതിലംഘിച്ചു കഴിഞ്ഞാൽ മാത്രം ലംഘിക്കപ്പെട്ടുവെന്ന് കൃത്യമായി അറിയുവാൻ നമ്മളെ പ്രാപ്തരാക്കുന്ന ഒരു 'കവറിയൻ' ദിശാസൂചി. അതുകൊണ്ടുതന്നെ, അമിതമത്സ്യബന്ധനമെന്ന ആതുരാവസ്ഥയുടെ 'രോഗലക്ഷണങ്ങളുടെ' അപഗ്രഥനത്തിലൂന്നിയേ നമുക്കു പ്രതിരോധം സൃഷ്ടിക്കാൻ കഴിയൂ.

നേരത്തെ സൂചിപ്പിച്ച കനേഡിയൻ കോഡിന്റേതുപോലുള്ള പതനങ്ങൾ നമ്മുടെ കടലിൽ സംഭവ്യമാണോ? ഇതുവരെ അങ്ങിനെയൊന്ന് സംഭവിച്ചിട്ടില്ലാ എന്നത് ഒരു ഗാരന്റിയേയല്ല. എങ്കിലും, ജൈവവൈവിധ്യം കൊണ്ട് ആവാസവ്യവസ്ഥയിൽ സംജാതമാകുന്ന സ്ഥിരത ഒന്നിന് മറ്റൊന്നിനോടുള്ള പാരസ്പര്യത്തിൽ ആയിരക്കണക്കിന് വർഷങ്ങൾ കൊണ്ട് പ്രകൃതി നമുക്കു നൽകിയ സൗഭാഗ്യമാണ്. എന്നാൽ ഈ സ്ഥിരതയ്ക്ക് കോട്ടം തട്ടിത്തുടങ്ങിയോ എന്ന് സംശയിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലുള്ള ലക്ഷണങ്ങൾ മീനാളരുടെകൂടി അനുഭവസാക്ഷ്യങ്ങളായി പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു.

പണ്ട് കിട്ടിയിരുന്ന മത്സ്യങ്ങൾ കിട്ടാതെ വരികയോ കുറവ് വരികയോ ചെയ്യുക, പിടിച്ചുകൊണ്ടിരിക്കുന്ന മീനുകളുടെ ശരാശരി വലിപ്പത്തിൽ കുറവുവരിക, പൂർണ്ണ വളർച്ചയെത്താത്ത മീനുകളെ ക്രമാതീതമായി ലഭിക്കുക, മീൻപിടുത്തത്തിനെടുക്കുന്ന സമയവും ദൂരവും വർദ്ധിക്കുക, കിട്ടുന്ന മൊത്തം ക്യാച്ചിൽ അടിക്കടി വ്യതിയാനങ്ങൾ സംഭവിക്കുക തുടങ്ങിയവ അത്തരം ലക്ഷണങ്ങളാണ്.

അമിതമത്സ്യബന്ധനമെന്ന രോഗത്തിന് അഞ്ചുതരം ചികിത്സാവിധികളാണുള്ളത്.

1. മീനിന്റെ മൊത്തം അളവിനെ അടിസ്ഥാനമാക്കിയവ
2. മത്സ്യബന്ധനശക്തിയെ അടിസ്ഥാനമാക്കിയവ
3 സമയം (കാലം) അടിസ്ഥാനമാക്കിയവ
4 ദൂരവും ആഴവും (സ്ഥലം) അടിസ്ഥാനമാക്കിയവ
5 സാങ്കേതികകാര്യങ്ങളെ അടിസ്ഥാനമാക്കിയവ.

ഏറ്റവും കൂടുതൽ ശാസ്ത്രീയപിൻബലം ആവശ്യപ്പെടുന്ന ക്വോട്ടാസമ്പ്രദായംപോലുള്ള നടപടികളാണ് ഒന്നാമത്തേത്. 'രോഗം' മൂർച്ഛിച്ച് വികസിതരൂപങ്ങളിൽ (ജൈവവൈവിധ്യം നന്നേ കുറഞ്ഞ) മാത്രമാണിവ നടപ്പിലാക്കുക. രണ്ടാമത്തെ വിഭാഗം ലക്ഷ്യമിടുന്നത് മത്സ്യബന്ധന ശക്തിയുടെ യുക്തിപരമായ വിന്യാസമാണ്. ലൈസൻസിംഗ് പോലുള്ള നിയന്ത്രണങ്ങൾ ഉദാഹരണം. നമുക്ക് പരിചിതമായ ട്രോളിംഗ് നിരോധനം, മത്സ്യബന്ധന നിരോധന മേഖലകൾ, തുടങ്ങിയവയാണ് പിന്നീട് വരുന്നത്. വലയുടേയും വലക്കണ്ണിയുടെയും വലിപ്പം ക്രമീകരിച്ചുകൊണ്ടും

വാണിജ്യലഭ്യമാകുന്ന മീനുകൾക്ക് നിയമപരമായി വലിപ്പ പരിധി നിഷ്കർഷിച്ചുകൊണ്ടും എടുക്കുന്ന നടപടികളാണ് അവസാനത്തെ വിഭാഗം.

നിയമപരമായി പൊതുസ്വത്തായി തുടരുന്നിടത്തോളം നിയന്ത്രണങ്ങളോടെയുള്ള മത്സ്യബന്ധനം അവയില്ലാത്ത ഒന്നിനെക്കാൾ സുരക്ഷിതമാണ് എന്ന കാര്യത്തിൽ ഏറെക്കുറെ നമ്മുടെ മീനാളസമൂഹം സമവായത്തിലാണ് എന്നാണ് അവരുമായി നടത്തുന്ന ഇടപെടലുകൾ സൂചിപ്പിക്കുന്നത്. എന്നാൽ വിലയിൽ വന്ന വർദ്ധനവും, കടലിൽനിന്ന് കൊണ്ടുവരുന്ന എന്തിനും തരക്കേടില്ലാത്ത വിലകിട്ടുന്നു എന്ന അവസ്ഥയും മത്സരാധിഷ്ഠിതമായ മത്സ്യബന്ധന രീതികൾ അനുവർത്തിക്കാൻ പ്രേരിപ്പിക്കുന്നതായി കാണുന്നു. തന്മൂലം ഉണ്ടാകുന്ന ക്യാച്ചിലെയും വരുമാനത്തിലെയും മൊത്തത്തിലുള്ള വാർഷികവർദ്ധനവ് മത്സ്യസമൃദ്ധിയെ ഒരു 'മായക്കാഴ്ച' ആക്കി മാറ്റുന്നുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മൊത്തം ചിലവ് കഴിഞ്ഞ് നീക്കിയിരിപ്പിൽ വരുന്ന വ്യതിയാനങ്ങൾ സത്യസന്ധമായി വിലയിരുത്തേണ്ടതുണ്ട്.

അനശ്ചിതത്വവും അജ്ഞതയും ഉയർത്തുന്ന നിരന്തര വെല്ലുവിളികളെ അഭിമുഖീകരിക്കുവാൻ ഇനിയും ബഹുദൂരം മുന്നേറേണ്ട സമുദ്രമത്സ്യശാസ്ത്രത്തിന്റെ പരിമിതികൾ മനസ്സിലാക്കിക്കൊണ്ട് പറയട്ടെ, സമുദ്രാവാസവ്യവസ്ഥയിലെ രോഗനിർണ്ണയം നടത്തുവാൻ വേണ്ട ജ്ഞാനനിർമ്മാണ പ്രക്രിയയിൽ മീനാളരുടെ ക്രിയാത്മകമായ പൂർണ്ണ പങ്കാളിത്തം അനിവാര്യമായിരിക്കുന്നു. കൃത്യമായ മാപനത്തിൽ ഊന്നിയുള്ള മാനേജ്മെന്റിനെ സാമ്പത്തികമായ ലാഭം ദീർഘകാലയളവിൽ ഉറപ്പാക്കുക. (Management is measurement)

കേവലം മീൻസമൃദ്ധിയെന്ന കാല്പനികയതല്ല നാം ലക്ഷ്യമിടേണ്ടത്. യുക്തിയും ബുദ്ധിയും ഉപയോഗിച്ച് സാങ്കേതികവിദ്യകളോടും ശാസ്ത്രീയതയോടും മുഖം തിരിക്കാതെ വിട്ടുവീഴ്ചകൾക്ക് തയ്യാറായി 12 നോട്ടിക്കൽ മൈൽ വരുന്ന തീരക്കടലിന്റെ പരിപാലനത്തിനായി മീനാളർ ഒന്നിക്കേണ്ടിയിരിക്കുന്നു. ഓരോ മാനാളനും ലഭ്യമായ വ്യക്തിഗത ഖണ്ഡചിത്രത്തിൽനിന്നും സമൃദ്ധിയുടെ അഖണ്ഡചിത്രം നിർമ്മിക്കുവാൻ മീനാളസമൂഹത്തിനെ പ്രാപ്തമാക്കുകയാകണം ഭരണകൂടത്തിന്റെ സാമൂഹിക, രാഷ്ട്രീയ, ശാസ്ത്രപരമായ പുതിയകാല ഉത്തരവാദിത്വങ്ങളിൽ ഒന്ന്, പെരുമാറ്റച്ചട്ടത്തിലുള്ള മാർഗനിർദ്ദേശങ്ങൾ ഇതിലേക്കുള്ള ചവിട്ടുപടികളാണ്.

പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ കൃത്യമായ കണക്കുകൾ കുറെക്കൂടി വ്യക്തമായ, സമഗ്രമായ ചിത്രം നിർമ്മിക്കുവാൻ നമ്മെ സഹായിക്കും എന്നത് അവിതർക്കിതമാണ്. വരുമാനം കണ്ടുപിടിച്ച് സർക്കാർ നികുതി ഈടാക്കുന്ന സാഹചര്യം വന്നേക്കില്ലേ എന്ന ഭയപ്പാടു മാറ്റിവെച്ച് കണക്കുകൾ നൽകിയാൽ മാത്രമേ അമിതബന്ധനമെന്ന ആതുരാവസ്ഥയുടെ സാധ്യതകൾ മനസ്സിലാക്കി ആസൂത്രിതമായ രീതിയിൽ, പാഴ്ച്ചിലവുകൾ പരമാവധി കുറച്ചും, ഹാനികരമായ മത്സ്യബന്ധനരീതികളിൽ നിന്ന് പിൻതിരിഞ്ഞ് സുസ്ഥിരത ഉറപ്പുവരുത്തുന്ന തരത്തിലുള്ള മത്സ്യബന്ധനതന്ത്രങ്ങളും നയപരിപാടികളും നമുക്കു ആവിഷ്ക്കരിക്കാനാകൂ.

മാത്രവുമല്ല, നമ്മുടെ പ്രത്യേക സാഹചര്യങ്ങൾക്കനുഗുണമായ പരിഹാരങ്ങൾ കൂടുതൽ കൃത്യതയോടെ കണ്ടുപിടിക്കുവാൻ സഹായിക്കുന്ന നമ്മുടെ തനതായ ഒരു ശാസ്ത്രസമീപനത്തിന്റെ പിറവിയിലേക്ക് ഇത് വഴി തെളിക്കുകയും ചെയ്യും. ഇറക്കുമതി ചെയ്യപ്പെട്ട ആശയങ്ങളും അവർപോലും തള്ളിപ്പറഞ്ഞ രീതിശാസ്ത്ര, മാനേജ്മെന്റ് മാതൃകകളും ശാസ്ത്രലോകം കൈവെടിയേണ്ട സമയമായിരിക്കുന്നു. ഒപ്പം, മത്സ്യബന്ധനത്തിന്റെ സാങ്കേതികവും സാമ്പത്തികവും സംഖ്യശാസ്ത്രപരവുമായ കാര്യങ്ങളിൽ കുറെക്കൂടി സുതാര്യത കൊണ്ടുവരുവാൻ മീനാളസമൂഹവും തയ്യാറാകണം.

അടുത്ത പത്തുവർഷത്തേക്ക് ആവശ്യമായ ഒരു മീൻകൊയ്ത്ത തന്ത്രവും പദ്ധതിയും ദീർഘകാല/സുസ്ഥിരലഭ്യതയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുവാനും നടപ്പിലാക്കുവാനും വേണ്ട ശാസ്ത്രീയവും രാഷ്ട്രീയവും ആയ പ്രാപ്തി നമുക്കുണ്ട് എന്ന തിരിച്ചറിവാണ് നമുക്കാദ്യം വേണ്ടത്. വിഭവശോഷണത്തിന്റെ തോത് കൃത്യമായി മനസ്സിലാക്കി ഒരു മുൻകരുതൽ സമീപനത്തിലേക്ക് ചുവടുമാറി, സാമൂഹിക-സാമ്പത്തിക ശാസ്ത്രപരമായ അടവുനയങ്ങൾ കാലേക്കൂട്ടി സമവായത്തോടെ കൈക്കൊണ്ടാൽ വികസിതരാഷ്ട്രങ്ങൾ ഇന്ന് നേരിടുന്ന തലത്തിലുള്ള വിഭവത്തകർച്ചയിൽ നിന്നും തളർച്ച ഉണ്ടായ അറ്റക്കൈ പ്രയോഗങ്ങളിൽ നിന്നും നമുക്കു രക്ഷനേടാം.

സമുദ്രാവാസവ്യവസ്ഥയുടെ മാറുന്ന അവസ്ഥയെപ്പറ്റി വ്യക്തമായി അറിവുള്ള മീനാളസമൂഹമാണ് ഏറ്റവും വലിയ പ്രതിരോധശക്തി. മത്സ്യബന്ധന നിപുണതയോടൊപ്പം ഉത്തരവാദിത്വമത്സ്യബന്ധനത്തെപ്പറ്റി ആഴത്തിലുള്ള ഉൾക്കാഴ്ചകൾ ഉള്ള പുതിയൊരു മീനാളസമൂഹം ഉദയം കൊള്ളേണ്ടത് ഭാവിയുടെ മാത്രമല്ല വർത്തമാനകാലത്തിന്റെകൂടി ആവശ്യമാണ്. കൈയിൽ കാശുള്ള ആർക്കും ഇറങ്ങിച്ചെല്ലാവുന്ന ഒരു നിക്ഷേപമേഖലയെന്നതിൽനിന്ന് ഉത്തരവാദിത്വബോധമുള്ള മീനാളസംരംഭകരുടെതായി കടലെന്ന തൊഴിലിടം തിരിച്ചുപിടിക്കേണ്ടിയിരിക്കുന്നു. ഉത്തരവാദിത്വം മത്സ്യബന്ധനത്തിന്റെ ആവശ്യകതയെപ്പറ്റി മീനാളരെ ബോധവൽക്കരിക്കുന്നതിനായി ശ്രമങ്ങൾ ഊർജിതപ്പെടുത്തണം. ഇതുമായി ബന്ധപ്പെട്ട് ഇങ്ങനെ വികസിപ്പിച്ചെടുത്ത ആശയസംവേദന ഉപാധികൾ (ചട്ടത്തിന്റെ മലയാള പരിഭാഷ, ചട്ടത്തിന്റെ സന്ദേശം ലളിതമായി വ്യക്തമാക്കുന്ന സചിത്രപുസ്തകങ്ങൾ, അനിമേഷൻ ഫിലിമുകൾ, പോസ്റ്ററുകൾ, ലഘുലേഖകൾ തുടങ്ങിയവ) ഇതിന് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്.

ഫിഷറീസ് ഡിപ്പാർട്ടുമെന്റിലെ വിവിധ ഉദ്യോഗസ്ഥർ മത്സ്യത്തൊഴിലാളി/മീനാള സംഘടനയുടെ നേതാക്കൾ മത്സ്യം ഉപഭോക്താക്കാൾ, വില്പനക്കാർ, കയറ്റുമതിക്കാർ, വിദ്യാർത്ഥികൾ, നയരൂപീകരണം നടത്തുന്ന രാഷ്ട്രീയ നേതാക്കൾ തുടങ്ങിയവരെ ഉത്തരവാദിത്വപരമത്സ്യബന്ധനത്തിന്റെ സന്ദേശവാഹകരായി മാറ്റിയെടുക്കുവാനുള്ള പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു. തീരദേശത്ത് പ്രവർത്തിക്കുന്ന കുടുംബശ്രീ പ്രവർത്തകർക്ക് പ്രത്യേക ബോധവൽക്കരണ പരിപാടികൾ നടത്താവുന്നതാണ്. വിഭവസംരക്ഷണവും കടൽ സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു മീനാളകുടുംബത്തിലെ സ്ത്രീക്ക് കുറെക്കൂടി ശക്തമായ ഇടപെടലുകൾ നടത്തുവാൻ സാധിക്കും.

ഉത്തരവാദിത്വപര മത്സ്യബന്ധന സംസ്കാരം വളർത്തിയെടുക്കുവാൻ നിർണ്ണായകപങ്കു വഹിക്കേണ്ട നമ്മുടെ ഫിഷറീസ് വകുപ്പിന് ഇതിലേക്കായുള്ള സംഘടനാശേഷിയും പാടവവും ശാസ്ത്രീയമായി അവലോകനം ചെയ്ത് ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഫിഷറീസ് ഗവേഷണവിദ്യാഭ്യാസ സ്ഥാപനങ്ങളും ഡിപ്പാർട്ടുമെന്റും ആയുള്ള വിജ്ഞാനവ്യാപനബന്ധങ്ങൾ ദൃഢപ്പെടുത്തേണ്ടിയിരിക്കുന്നു.

കാർഷികരംഗത്തുനിന്ന് വ്യത്യസ്തമായി, സാങ്കേ

തിക വിദ്യകൾ പ്രധാന നടന്റെ മാത്രമല്ല, കാലക്രമേണ വില്ലന്റെ വേഷവും കൈയാളുന്ന പ്രത്യേക സാഹചര്യമാണ് സമുദ്രമത്സ്യമേഖലയിലുള്ളത്.

മത്സ്യമേഖലയിലെ സാമൂഹ്യസുരക്ഷ ഉറപ്പുവരുത്തുവാനായി കേരളംപോലെ മറ്റൊരു സംസ്ഥാനവും സമർത്ഥമായ ഇടപെടലുകൾ നടത്തിയിട്ടില്ല. ഇത് മൂന്നാം ലോക രാജ്യങ്ങൾക്ക് തന്നെ മാതൃകയാണ്. ഇത്തരം സാമ്പത്തിക സഹായങ്ങൾ, ഉത്തരവാദിത്വപര മത്സ്യബന്ധനത്തിലേക്ക് നയിക്കുന്ന തരത്തിലുള്ള നിബന്ധനകളോടെ എങ്ങിനെ നടപ്പിലാക്കാം എന്നും സുസ്ഥിര മത്സ്യബന്ധനരീതികൾ ഏതൊക്കെയാണ് നിർവഹിച്ച് അവ അനുവർത്തിക്കുന്നവരെയും പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെയും എങ്ങനെ ഉത്തേജിപ്പിക്കാമെന്നും നാം ആലോചിക്കേണ്ടിയിരിക്കുന്നു.

സമുദ്രമത്സ്യബന്ധന മേഖലയിലെ തൊഴിൽ ബന്ധങ്ങളിൽ രൂപപ്പെട്ടുവരുന്ന പുതിയ പ്രവണതകൾ (അന്യസംസ്ഥാനതൊഴിലാളികൾ, മുതൽമുടക്കിലെ പുതിയതരം പങ്കാളിത്തങ്ങൾ, തുടങ്ങിയ) ഉത്തരവാദിത്വപര മത്സ്യബന്ധനത്തിന് സഹായിക്കുന്നതാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ഉത്തരവാദിത്വബോധമുള്ള മത്സ്യഉപഭോക്താക്കളും കച്ചവടക്കാരും കയറ്റുമതിക്കാരും മാത്രമല്ല മാദ്ധ്യമപ്രവർത്തകരും കൂടിയുണ്ടെങ്കിലേ സുസ്ഥിരമത്സ്യബന്ധനമെന്ന സ്വപ്നം നമുക്കു യാഥാർത്ഥ്യമാക്കാൻ സാധിക്കൂ.

നമ്മുടെ കടൽ നമ്മുടെ മീൻ നമ്മുടെ ജീവിതം, നമ്മുടെ ഭാവി, നമ്മുടെ സുസ്ഥിരത അതാകട്ടെ നമ്മുടെ മുദ്രാവാക്യം.

ഉത്തരവാദിത്വപര മത്സ്യബന്ധന പെരുമാറ്റച്ചട്ടത്തിന് 20 വയസ്സു തികയുകയാണ്. മറ്റു പലകാര്യങ്ങളിലും ലോകമാതൃകകൾ സമ്മാനിച്ച നമുക്ക് പുതിയൊരു "കേരളാ മോഡൽ ഫിഷറീസ് മാനേജ്മെന്റ്" കാഴ്ച വെക്കാനാകും. സംസ്ഥാനഭരണകൂടവും ഗവേഷണ വിദ്യാഭ്യാസസ്ഥാപനങ്ങളും സർവ്വോപരി മീനാളരും ഒന്നിച്ച് പ്രവർത്തിച്ചാൽ ഉത്തരവാദിത്വപര മത്സ്യബന്ധനം നടപ്പാക്കുന്ന ആദ്യത്തെ ഇൻഡ്യൻ സംസ്ഥാനം എന്ന പദവി നമുക്കു വിദൂരമല്ല.

●